നം. സി.ഇ.ഇ/2424/2009/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള അവസാന ഘട്ട അലോട്ട്മെന്റ് നടപടികൾ **11.10.2010** ന് ആരംഭിക്കുന്നതാണ്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും **11.10.2010 ന് രാവിലെ 10 മണി മുതൽ 15.10.2010 ന് വൈകുന്നേരം 5 മണി വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

**എഞ്ചിനീയറിംഗ്/ആയുർവ്വേദ/സിദ്ധ/ഹോമിയോ/അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള അവസാന തീയതി 11.10.2010 ആയിരിക്കും.** ഇതിലേക്കായി വിദ്യാർത്ഥികൾ വെബ്സൈറ്റിൽ ലഭ്യമായ അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള പ്രൊഫോർമ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി **11.10.2010 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ** എത്തിക്കേണ്ടതാണ്. **11.10.2010** നുശേഷം ഒരു കാരണവശാലും അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല.

**15.10.2010 ൽ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ 17.10.2010 ന് അവസാന ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.**

**17.10.2010** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, **ഒക്ടോബർ 18, 19, 20** തീയതികളിൽ **SBT** യുടെ തെരഞ്ഞെടുത്ത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കിയതിനുശേഷം **ഒക്ടോബർ 18, 19, 20** തീയതികളിൽ അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

ആറാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. **ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.** അതിനാൽ ഇതുവരെയുള്ള അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ, അവർക്ക് ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓർഡർ ഓപ്ഷനുകൾ നിർബന്ധമായും റദ്ദ് ചെയ്യേണ്ടതാണ്. അവസാന ഘട്ട അലോട്ട്മെന്റിൽ കോളേജ്/കോഴ്സ് മാറ്റം ലഭിച്ചാൽ നിർബന്ധമായും പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ ചേർന്ന് പഠിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

**ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾ ആവശ്യമായ ഓപ്ഷനുകൾ മാത്രമേ നിലനിർത്താൻ പാടുള്ളൂ. ആവശ്യമില്ലാത്ത ഓപ്ഷനുകൾ നൽകിയിട്ടുണ്ടെങ്കിൽ അവ റദ്ദ് ചെയ്യേണ്ടതാണ്. 17.10.2010 ന്** പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് നേടുന്ന വിദ്യാർത്ഥികൾ അതത് കോളേജുകളിൽ ചേർന്ന് പഠിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. പ്രസ്തുത നിബന്ധന പാലിക്കാത്ത വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം പിഴ ഈടാക്കുന്നതായിരിക്കും.

അവസാന ഘട്ട അലോട്ടുമെന്റിൽ താഴെപ്പറയുന്ന പുതിയ കോളേജ്/കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ് :

| No. | College | Course |
|---|---|---|
| 1 | Axis College of Engineering & Technology, Murikkingal, Thrissur **(AXE)** | CE, ME, EE, EC |
| 2 | Al-Azhar College of Engineering & Technology, Thodupuzha, Idukki **(AAE)** | CE, ME, PE, EC, CS |
| 3 | Gurudeva Institute of Science & Technology, Puthuppally, Kottayam **(GIT)** | CE, ME, EE, EC, CS |
| 4 | Sree Narayana Guru Institute of Science & Technology, North Paravoor, Ernakulam **(SNT)** | CE, ME, EE, EC, CS |
| 5 | Younus College of Engineering for Women, Thalachira, Kottarakkara, Kollam **(YCW)** | CE, CS, AE, EC, EE |
| 6 | Malabar Institute of Technology, Anjarakandy, Kannur **(MLT)** | CE, EE, EC, CS |
| 7 | KMEA Engineering College, Edathala, Aluva **(KME)** | ME |
| 8 | Thejus Engineering College, Vellarakad P O, Erumapetty, Thrissur **(TJE)** | ME |

**അവസാന ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു**

| | |
|---|---|
| **11.10.2010** 10 am to **15.10.2010** 5 pm | Web page opens to register new options/re-arrange/delete higher order options. |
| **11.10.2010** | **Last date for Cancellation of Admission for the year 2010 to all Courses.**(Engineering/Ayurveda/Siddha/Homoeo/Agricultural University Courses) |
| **17.10.2010** | **Final allotment to Engineering/Ayurveda/Siddha/Homoeo/ Agricultural University Courses.** |
| **18.10.2010, 19.10.2010 or 20.10.2010** | Candidates allotted to all courses to remit fee/balance fee at the selected branches of the State Bank of Travancore (**SBT**). |
| | **Admission to all Courses.** (Engineering/Ayurveda/Siddha/ Homoeo/Agricultural University Courses) |
| **31.10.2010** | **Closing of Admission.** (Engineering/Ayurveda/Siddha/Homoeo/ Agricultural University Courses) |

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311**, **2115312**, **2115313**, **2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.10.2010